# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3829      11/11/2019-ൽ മറുപടിക്ക്

### സ്വകാര്യ ലാബുകളുടെ നിലവാരം പരിശോധിക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്തെ സ്വകാര്യ ലാബുകളിൽ നടത്തുന്ന പരിശോധനകളുടെ പിഴവ് മൂലം രോഗമില്ലാത്തവരെ മാരക രോഗികളാക്കി ചികിത്സക്ക് വിധേയമാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | ചാവക്കാട് താലൂക്ക് ആശുപത്രിക്ക് സമീപമുള്ള സ്വകാര്യ മെഡിക്കൽ ലാബിൽ നടത്തിയ പരിശോധനയിൽ നാലരവയസ്സുകാരനായ കുട്ടിക്ക് എച്ച്.ഐ.വി പോസിറ്റീവ് ആയി റിപ്പോർട്ട് നൽകിയെന്നതും കോട്ടയം സ്വദേശിനിയായ വിട്ടമ്മക്ക് അർബുദമുണ്ടെന്ന തെറ്റായ ലാബ് റിസൽട്ട് മൂലം ചികിത്സക്ക് വിധേയയാകേണ്ടിവന്ന സംഭവവും സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) & സി) | ചാവക്കാട് സ്വകാര്യ ലാബിൽ നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട പരാതി ഗൗരവമായി പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) അന്വേഷണം നടത്തുകയും, ഇതു സംബന്ധിച്ച റിപ്പോർട്ടിൽ പ്രസ്തുത ലാബിൽ നടത്തിയിട്ടുള്ളത് സ്ക്രീനിംഗ് ടെസ്റ്റ് മാത്രമാണ് എന്നും, അതിൽ സംശയകരമായ റിസൾട്ട് കണ്ടപ്പോൾ കൺഫർമേറ്ററി ടെസ്റ്റ് നടത്തുന്നതിനായി ICTC യിലേക്ക് അയയ്ക്കുകയും ആയതിൽ ലഭിച്ച റിസൾട്ട് നെഗറ്റീവ് ആയിരുന്നു എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ഈ ലാബിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംബന്ധിച്ച കാര്യത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അന്വേഷണ റിപ്പോർട്ട് ചാവക്കാട് മുൻസിപ്പാലിറ്റി സെക്രട്ടറിക്ക് അയച്ചു നല്കിയിട്ടുണ്ട്.<br><br>മാവേലിക്കര സ്വദേശിനിയായ ശ്രീമതി.രജനി സ്വകാര്യ ലാബിലെ തെറ്റായ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കീമോതെറാപ്പിയ്ക്ക് വിധേയയാകേണ്ടി വന്ന സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ടി സമിതി സമർപ്പിച്ച അന്വേഷണ |
| സി) | പ്രസ്തുത ലാബുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>1. സ്കാനിംഗ് സെന്ററുകളും ഡയഗ്നോസ്റ്റിക് ലാബുകളും ഡോക്ടർമാരും തമ്മിൽ എന്തെങ്കിലും ഇടപാടുകളോ ബന്ധമോ ഉണ്ടോ എന്ന കാര്യത്തിൽ പോലീസ് അന്വേഷണം നടത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>2. ശ്രീമതി.രജനിയെ ചികിത്സിച്ച ഡോക്ടർമാരുടെ വിവരങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭ്യമാക്കുകയും അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. കാൻസർ ബാധയില്ലാതെ കീമോതെറാപ്പിയ്ക്ക് വിധേയയായ ശ്രീമതി.രജനിക്ക് ഇത് കാരണമുണ്ടായ ചികിത്സാ ചെലവും മാനസിക ആഘാതവും കണക്കിലെടുത്ത് 3 ലക്ഷം രൂപ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് 26.10.2019 ലെ സ.ഉ.(കൈ) നം. 161/2019/ആ.കു.വ പ്രകാരം റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ 01.11.2019 ലെ സ.ഉ.(സാധാ) നം. 3136/2019/ റവ പ്രകാരം 3 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| ഡി) | സംസ്ഥാനത്തെ സ്വകാര്യ ലാബുകളിൽ യോഗ്യതയുള്ള ടെക്നീഷ്യന്മാർ ഉണ്ടെന്നും അവിടെ ഉപയോഗിക്കുന്ന ഉപകരണങ്ങൾ പ്രവർത്തനസജ്ജമാണെന്ന് ഉറപ്പുവരുത്തുന്നതിനും ശക്തമായ പരിശോധനകൾ നടത്തുന്നതിന് നടപടി<br>സ്വീകരിക്കുമോ;വിശദമാക്കാമോ? | ഡി) | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ & റഗുലേഷൻ ആക്ട് 2018 അനുസരിച്ച് 1.1.2019 മുതൽ എല്ലാ ലബോറട്ടറികളുടേയും താൽക്കാലിക രജിസ്ട്രേഷൻ നടന്നു വരികയാണ്. താൽക്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ലാബും അതത് സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും സ്റ്റാഫുകളുടെ പേരും യോഗ്യതയും, ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ